ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **കാശി-തമിഴ് സംഗമം പോലുള്ള സംരംഭങ്ങൾ ദേശീയ ഐക്യത്തെ ശക്തിപ്പെടുത്തുമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.**

   **Initiatives like Kashi–Tamil Sangamam will strengthen national unity, says Vice President C.P. Radhakrishnan.**

2. **ഇന്ത്യയെ ലോകം ഇന്ന് പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ് ഉറ്റു നോക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025 പരിഷ്കാരങ്ങളുടെ വർഷമായി ഓർമ്മിക്കപ്പെടുമെന്നും പ്രധാനമന്ത്രി.**

   **Prime Minister Narendra Modi says,The world is looking at India today with hope and confidence; Prime Minister added, 2025 will be remembered as a year of reforms.**

3. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് ധാക്കയിൽ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

**External Affairs Minister S. Jaishankar to attend former Bangladesh Prime Minister Begum Khaleda Zia's funeral in Dhaka Today.**

4. 93ാമത് ശിവഗിരി തീർഥാടനത്തോട് അനുബന്ധിച്ചുള്ള മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വർക്കലയിൽ ഉദ്ഘാടനം ചെയ്യും.

**Chief Minister Pinarayi Vijayan will inaugurate the conference associated with the 93rd Sivagiri Theerthadanam today at Varkala.**

5. ഉത്തർപ്രദേശിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പരിഷ്കരണത്തിനുള്ള സമയക്രമം പരിഷ്കരിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**The Election Commission of India has revised the schedule for the special intensive revision of the electoral rolls in Uttar Pradesh.**

6. ഇന്ത്യ -ശ്രീലങ്ക വനിതാ ടി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 15 റൺസ് ജയം.

**India defeated Sri Lanka by 15 runs in the final match of the India–Sri Lanka Women's T20 cricket series..**

## PRESIDENT – SKILL INDIA

രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു നാളെ സ്കില്ലിങ് ഫോർ എഐ റെഡിനസ് പദ്ധതിക്ക് കീഴിൽ സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയിൽ പങ്കെടുക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിലാണ് ചടങ്ങ്. എഐ അധിഷ്ഠിത ഭാവിക്കായി ഇന്ത്യയുടെ തൊഴിൽസേനയെ സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് നൈപുണ്യവികസന-സംരംഭകത്വ മന്ത്രാലയം പരിപാടി സംഘടിപ്പിക്കുന്നത്. #SkillTheNation Challenge എന്ന ദേശീയ ബോധവൽക്കരണ യജ്ഞവും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

## PM – REFORMS

ഇന്ത്യയുടെ വളർച്ചാ യാത്രയ്ക്ക് ആക്കം കൂട്ടിയ വിപ്ലവകരമായ മാറ്റങ്ങളാണ് വിവിധ മേഖലകളിൽ ഈ വർഷമുണ്ടായതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025 പരിഷ്കാരങ്ങളുടെ വർഷമായി ഓർമ്മിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയെ ലോകം ഇന്ന് പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ് നോക്കി കാണുന്നതെന്ന് പുത്തൻ തലമുറ പരിഷ്കാരങ്ങളിലൂടെ രാജ്യത്തുണ്ടായ

അതിവേഗ പുരോഗതിയെ അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

## VP-KASHI TAMIL SANGAMAM(INTRO)

കാശി-തമിഴ് സംഗമം പോലുള്ള സംരംഭങ്ങൾ ദേശീയ ഐക്യത്തെ ശക്തിപ്പെടുത്തുമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. രാമേശ്വരത്ത് കാശി തമിഴ് സംഗമം 4.0 യുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
( വോയിസ്....)

കാശിയും തമിഴ്നാട്ടിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളും തമ്മിലുള്ള ബന്ധം അതുല്യമാണെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ അഭിപ്രായപ്പെട്ടു.

## KHALEDA ZIA FUNERAL

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് ധാക്കയിൽ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കും. ബംഗ്ലാദേശിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായ ഖാലിദ സിയ ഇന്നലെയാണ് അന്തരിച്ചത്. 80 വയസ്സായിരുന്നു.

## VAISHNAW-TRIAL RUN

വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ ട്രയൽ റൺ റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കോട്ട നാഗ്ഡ സെക്ഷനിൽ ട്രെയിൻ മണിക്കൂറിൽ 180 കിലോമീറ്റർ വേഗതയിൽ ഓടിച്ചതായി ശ്രീ വൈഷ്ണവ് പറഞ്ഞു. ട്രയൽ റണ്ണിന്റെ വീഡിയോ അദ്ദേഹം സമൂഹ മാധ്യമത്തിൽ പങ്കുവച്ചു.

## YEAR ENDER-PRODUCTION

ലോക വേദിയിൽ ഇന്ത്യയുടെ ഉയർച്ചയിലെ ഒരു നിർണായക അധ്യായമായിരുന്നു 2025. ഇന്ത്യയുടെ ഉത്പാദന മേഖലയിലെ കുതിപ്പിനെ കുറിച്ചാണ് 'പരിഷ്കാരങ്ങളുടെ വർഷം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. വ്യാവസായിക, സാമ്പത്തിക വികസനത്തിൽ 7.8 ശതമാനം വളർച്ച പ്രതീക്ഷിക്കുന്ന നിലയിലേക്ക് രാജ്യം ഉയർന്നു. പ്രധാന ആഗോള ഉൽപാദന കേന്ദ്രമായി വളർന്ന ഇന്ത്യയിൽ 2,200 പുതിയ വിമാനങ്ങൾ കൂടി വന്നതോടെ വ്യോമയാന നിർമ്മാണം ശക്തി പ്രാപിച്ചു. ജിഎസ്ടി 2.0 അവതരിപ്പിച്ചതിന് ശേഷം നിർമ്മാണ ചെലവ് കുറഞ്ഞത് ഉത്പാദന മേഖലയ്ക്ക് ഗുണകരമായതായാണ് വിലയിരുത്തൽ.

## CM - SIVAGIRI

93ാമത് ശിവഗിരി തീർഥാടനത്തോട് അനുബന്ധിച്ചുള്ള മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വർക്കലയിൽ ഉദ്ഘാടനം ചെയ്യും. ശിവഗിരി തീർത്ഥാടന പുരസ്കാരം ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന് മുഖ്യമന്ത്രി സമ്മാനിക്കും. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനാണ് ഇന്നലെ തീർത്ഥാടനം ഉദ്ഘാടനം ചെയ്തത്.

## SABARIMALA

ശബരിമലയിൽ മകരവിളക്ക് തീർത്ഥാടനത്തിന് തുടക്കമായി. ഇന്നലെ വൈകിട്ട് അഞ്ചിനാണ് ക്ഷേത്ര നട തുറന്നത്. സന്നിധാനത്തും പരിസര പ്രദേശത്തും കർശന സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. മകരവിളക്ക് മഹോത്സവത്തിനും തുടർന്നുള്ള കുംഭമാസ പൂജയ്ക്കുമായി ദർശനം നടത്തുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം.

## CM-FLAG OFF

സംസ്ഥാന പോലീസ് സേനയുടെ വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉച്ചയ്ക്ക് തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

**PM-YUVA 3.0**

യുവ എഴുത്തുകാരെ പ്രചോദിപ്പിക്കുന്നതിനുള്ള പദ്ധതിയായ PM-YUVA 3.0 മത്സരത്തിന്റെ ഫലങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രഖ്യാപിച്ചു. 22 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള 43 പുസ്തകങ്ങളാണ് ഈ പതിപ്പിൽ തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ എഴുത്തുകാരനും പ്രതിമാസം അമ്പതിനായിരം രൂപ സ്കോളർഷിപ്പും പ്രസിദ്ധീകരിച്ച പുസ്തകത്തിന് 10 ശതമാനം ആജീവനാന്ത റോയൽറ്റിയും നൽകും.

**SIR - UP KERALA WB ( INTRO)**

ഉത്തർപ്രദേശിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പരിഷ്കരണത്തിനുള്ള സമയക്രമം പരിഷ്കരിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കരട് വോട്ടർ പട്ടിക ജനുവരി 6 ന് പ്രസിദ്ധീകരിക്കുമെന്ന് യു.പി ചീഫ് ഇലക്ടറൽ ഓഫീസർ

നവ്ദീപ് റിൻവ പറഞ്ഞു. കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കുമെന്നായിരുന്നു നേരത്തെ അറിയിച്ചിരുന്നത്.

***വിശദാംശങ്ങളിലേക്ക്....***
***( വോയിസ്...)***

❁❁❁❁❁❁❁❁❁❁❁❁❁

**SIR – UP KERALA WB(VOICE)**

ഉത്തർപ്രദേശിൽ പരാതികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 6 വരെ നീട്ടി. യു.പിയിലെ അന്തിമ വോട്ടർ പട്ടിക മാർച്ച് 6 ന് പ്രസിദ്ധീകരിക്കും. അതേസമയം, കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. പശ്ചിമ ബംഗാളിൽ, 60 വയസ്സിനു മുകളിലുള്ള മാപ്പ് ചെയ്യാത്ത വോട്ടർമാരുടെ വീടുകളിൽ എത്തി എസ്ഐആർ സംബന്ധിച്ച സഹായങ്ങൾ ഉറപ്പാക്കണമെന്ന് തൃണമൂൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മീഷനോട് അഭ്യർത്ഥിച്ചു. ക്യാമ്പുകളിലെ ഹിയറിംഗുകളിൽ പ്രായമായവരും രോഗികളുമായ വോട്ടർമാർ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിഎംസി പ്രതിനിധി സംഘം പശ്ചിമ ബംഗാൾ ചീഫ് ഇലക്ടറൽ ഓഫീസറെ നേരിട്ട് കണ്ടാണ് ആവശ്യം ഉന്നയിച്ചത്.
ന്യൂസ്ഡെസ്ക് ആകാശവാണി......

## WOMENS CRICKET

ഇന്ത്യ -ശ്രീലങ്ക വനിതാ ടി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 15 റൺസ് ജയം. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക ഇന്ത്യയെ ബാറ്റിങ്ങിനയയ്ക്കുകയായിരുന്നു. നിശ്ചിത ഓവറിൽ ഇന്ത്യ 7 വിക്കറ്റ് നഷ്ടത്തിൽ 175 റൺസ് നേടിയപ്പോൾ 7 വിക്കറ്റ് നഷ്ടത്തിൽ 160 റൺസ് നേടാനെ ശ്രീലങ്കയ്ക്കു കഴിഞ്ഞുള്ളു. 42 പന്തുകളിൽ നിന്ന് 68 റൺസ് നേടിയ ക്യാപ്റ്റൻ ഹർമൻ പ്രീത് കൗറാണ് കളിയിലെ താരം. ഷഫാലി വർമയാണ് ടൂർണമെന്റിലെ താരം.

## CHESS – ERIGAISI

ദോഹയിൽ നടന്ന ലോക ബ്ലിറ്റ്സ് ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജുൻ എരിഗെയ്സിക്ക് വെങ്കലം. സെമിയിൽ ഉസ്ബെക്കിസ്ഥാൻ താരം നോദിർബെക്ക് അബ്ദുസത്തറൊവിനെതിരെ പരാജയപ്പെട്ടതോടെയാണ് അർജുന്റെ പോരാട്ടം വെങ്കലനേട്ടത്തിൽ കലാശിച്ചത്. നിലവിലെ ചാമ്പ്യൻ മാഗ്നസ് കാൾസൺ ആകും ഫൈനലിൽ അബ്ദുസത്താറോവിന്റെ എതിരാളി.

## ANNOUNCEMENT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ 2026 ജനുവരി ഒന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

## RESTRICTION –NEW YEAR

പുതുവത്സര ആഘോഷം പ്രമാണിച്ച് താമരശ്ശേരി ചുരത്തിൽ നാളെ കർശന നിയന്ത്രണം ഏർപ്പെടുത്തും. ചുരത്തിലെ കടകൾ നാളെ വൈകീട്ട് ഏഴുമണിക്ക് അടക്കണമെന്നാവശ്യപ്പെട്ട് പോലീസ് നോട്ടീസ് നൽകി. ചുരത്തിൽ കൂട്ടം കൂടാനോ, വാഹനങ്ങൾ പാർക്ക് ചെയ്യാനോ പാടില്ല.

## MOHANLAL MOTHER

മോഹൻലാലിൻറെ അമ്മ ശാന്തകുമാരി അമ്മയുടെ സംസ്കാരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. ഇന്നലെ കൊച്ചിയിലായിരുന്നു അന്ത്യം. 90 വയസ്സായിരുന്നു.

## IMD - WEATHER

ബീഹാർ, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, പശ്ചിമ ബംഗാൾ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ കനത്ത മൂടൽ മഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു-കാശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. മൂടൽമഞ്ഞ് കാരണം ഏകദേശം 25 ട്രെയിനുകൾ 3 മണിക്കൂറിലധികം വൈകിയതായി ഇന്ത്യൻ റെയിൽവേയുടെ ഡൽഹി ഡിവിഷൻ അറിയിച്ചു.

## ISRAEL- GAZA- US DEAL

ഗാസ മുനമ്പിൽ വീണ്ടും ഇസ്രായേൽ വ്യോമാക്രമണം. സെൻട്രൽ ഗസയിലെ മഖസി ക്യാമ്പ് , ബെയ്റ്റ് ലഹിയ, റഫ നഗരത്തിന്റെ വടക്കൻ പ്രദേശം , ഖാൻ യൂനിസ് നഗരത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ എന്നിവിടങ്ങളിലാണ് ഇസ്രായേൽ ആക്രമണമുണ്ടായത്. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ മധ്യസ്ഥയിൽ എത്തിച്ചേർന്ന വെടിനിർത്തൽ കരാറിന്റെ ലംഘനമാണിതെന്ന് ഗസ വൃത്തങ്ങൾ ആരോപിച്ചു.

## DENMARK – POSTAL

400 വർഷത്തെ തപാൽ പാരമ്പര്യത്തിന് ഡെൻമാർക്ക് വിരാമമിടുന്നു. ഡിജിറ്റൽ ആശയവിനിമയത്തിന്റെ പ്രചാരം

കൂടിയത് തപാൽ സേവനത്തിനു സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന പശ്ചാത്തലത്തിലാണ് ഈ ആഴ്ചയോടെ തപാൽ സംവിധാനം അവസാനിപ്പിക്കുന്നത്. ഇതോടെ പരമ്പരാഗത മെയിൽ പൂർണ്ണമായും നിർത്തലാക്കുന്ന ആദ്യ രാജ്യമായി ഡെൻമാർക്ക്.

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള പരീക്ഷാ പേ ചർച്ചയുടെ 9-ാമത് പതിപ്പിന്റെ രജിസ്ട്രേഷൻ രണ്ട് കോടി 92 ലക്ഷം കടന്നു. 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ജനുവരി 11 വരെ MyGov പ്ലാറ്റ്ഫോമിലൂടെ പരിപാടിയിലേക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.